**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2167** **06-07-2022 - ൽ മറുപടിയ്ക്ക്**

**റീജിയണൽ കാൻസർ സെന്ററിലെ അദ്ധ്യാപക നിയമനങ്ങളിലെ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ അദ്ധ്യാപക നിയമനങ്ങളിൽ ഭരണഘടന ഉറപ്പ് നൽകിയിട്ടുള്ള സംവരണ തത്വങ്ങൾ പാലിക്കാറുണ്ടോ; ഉണ്ടെങ്കിൽ അതിന് സ്വീകരിച്ചിട്ടുള്ള റോസ്റ്റർ എങ്ങനെയാണ് നടപ്പിലാക്കുന്നത്; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കാൻസർ ചികിത്സയിൽ കൂടുതൽ വൈദഗ്ധ്യമുള്ളവരെ തെരഞ്ഞെടുക്കുന്നതിനായും, മതിയായ അപേക്ഷകരെ കിട്ടാത്ത സാഹചര്യത്തിലും സംവരണ തത്വം കർശനമായി പാലിക്കുന്നതിനുള്ള സാഹചര്യം ഇല്ലായിരുന്നു. എന്നാൽ ആർ.സി.സിയിലെ നിയമനങ്ങൾ (നോൺ അക്കാഡമിക് വിഭാഗം) PSC മുഖേന നടത്തുന്നതിന് ഉത്തരവായത് മുതൽ അക്കാഡമിക് വിഭാഗത്തിലേക്കുള്ള നിയമനത്തിലും (2021-ൽ നോട്ടിഫൈ ചെയ്തത്) PSC ഒഴിവുകൾ അനുവർത്തിച്ച് വരുന്ന സംവരണ തത്വം പാലിച്ചാണ് 2022 മാർച്ച് മുതൽ നിയമനങ്ങൾ നടത്തിവരുന്നത്. ഇനിയുള്ള നിയമനങ്ങളിലും PSC സംവരണ തത്വം കർശനമായി പാലിക്കുന്നതാണ്. |
| (ബി) | കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഓരോ വർഷവും ഓരോ വിഭാഗത്തിലും പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഇതിൽ പിന്നാക്ക ,പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽ ഉൾപ്പെട്ട എത്ര പേർക്ക് സംവരണ തത്വങ്ങൾ പാലിച്ച് നിയമനം നൽകിയെന്നും അറിയിക്കാമോ; | (ബി) | ആർ.സി.സി-യിൽ **2012** മുതൽ എൻട്രി ലെവൽ തസ്തിക അസിസ്റ്റന്റ് പ്രൊഫസറാക്കി നിശ്ചയിച്ചതിനാൽ അസിസ്റ്റന്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിൽ മാത്രമാണ് നിയമനങ്ങൾ നേരിട്ട് നടത്തുന്നത്. അസിസ്റ്റന്റ് പ്രൊഫസറുടെ പ്രൊമോഷൻ (ഗ്രേഡ് പ്രൊമോഷൻ) തസ്തിക അസ്സോസിയേറ്റ് പ്രൊഫസറും, അസ്സോസിയേറ്റ് പ്രൊഫസറുടെ പ്രൊമോഷൻ തസ്തിക അഡിഷണൽ പ്രൊഫസറുമായി നിശ്ചയിച്ചിട്ടുള്ളതിനാൽ നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ച് ഗ്രേഡ് പ്രൊമോഷനാണ് ഈ തസ്തികകളിൽ നൽകി വരുന്നത്. ഇതുപ്രകാരം **2012** മുതലുള്ള പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ നടത്തിയിട്ടുള്ള നിയമനത്തിന്റെ വിശദാംശം **അനുബന്ധം 1** ആയി ചേർക്കുന്നു.<br><br>2022 മാർച്ച് മുതൽ സംവരണതത്വങ്ങൾ പാലിച്ചാണ് ആർ.സി.സി യിൽ നിയമനങ്ങൾ നടത്തി വരുന്നത്. |

| | | | |
|---|---|---|---|
| | | | **2021** ൽ നോട്ടിഫൈ ചെയ്ത് **2022** മാർച്ച് മുതൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് നടത്തിയ നിയമനങ്ങളിൽ റേഡിയേഷൻ ഓങ്കോളജി ഡിപ്പാർട്ട്മെന്റിൽ പിന്നോക്കവിഭാഗത്തിൽ ഉൾപ്പെട്ട ഈഴവ കാറ്റഗറിയിൽ ഒരു നിയമനം നടത്തിയിട്ടുണ്ട്. മെഡിക്കൽ ഓങ്കോളജി ഡിപ്പാർട്ട്മെന്റിൽ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ട ഈഴവ വിഭാഗത്തിൽ ഉദ്യോഗാർത്ഥികൾ റാങ്ക് ലിസ്റ്റിൽ ഇല്ലാത്തതിനാൽ ഒരു ഒഴിവ് സ്പെഷ്യൽ റിക്രൂട്ട് മെന്റിനായി മാറ്റിവച്ചിട്ടുണ്ട്. അതുപോലെ ഇനി ഒഴിവ് വരുന്നതനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്കും **Reservation Turn** അനുസരിച്ച് നിയമനങ്ങൾ ലഭിക്കുന്നതാണ്.<br><br>2022 മുതലുള്ള നിയമനത്തിന്റെ വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (സി) | കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഓരോ വിഭാഗത്തിലും സീനിയർ റസിഡന്റുമാരായി എത്ര പേർക്ക് നിയമനം നൽകിയെന്നും അതിൽ പിന്നാക്ക, പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെട്ട എത്ര പേർക്ക് സംവരണതത്വങ്ങൾ പാലിച്ച് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ? | (സി) | ആർ.സി.സിയിൽ സീനിയർ റസിഡന്റുമാരെ കരാറടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. കൂടാതെ സീനിയർ റസിഡന്റ് വിഭാഗത്തിലേക്ക് അപേക്ഷകൾ ക്ഷണിക്കുമ്പോൾ അപേക്ഷകൾ വളരെ കുറച്ച് മാത്രമേ ലഭിക്കാറുള്ളൂ. നോട്ടിഫൈ ചെയ്യുന്ന ഒഴിവുകൾ പോലും നികത്തുന്നതിനുള്ള അപേക്ഷകരെ ലഭിക്കുന്നില്ല. കൂടാതെ ജോയിൻ ചെയ്തതിന് ശേഷം വിട്ടുപോകുകയോ ജോയിൻ ചെയ്യാതിരിക്കുകയോ ചെയ്യുന്ന സാഹചര്യവുമുണ്ട്. ഈ സാഹചര്യം ആശുപത്രി സേവനത്തിന് ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്. ആയതിനാൽ സീനിയർ റസിഡന്റ് നിയമനത്തിന് സംവരണ തത്വം പാലിച്ച് വരുന്നില്ല .<br><br>**2012** മുതൽ നാളിതുവരെ ആകെ **91** പേർക്ക് വിവിധ വകുപ്പുകളിലായി സീനിയർ റസിഡന്റുമാരായി താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. വിശദാംശം **അനുബന്ധം 3** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

**2012 മുതൽ പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ നടത്തിയിട്ടുള്ള നിയമനത്തിന്റെ വിശദാംശം**

| തസ്തിക | എണ്ണം | വിഭാഗം | |
|---|---|---|---|
| അസിസ്റ്റന്റ് പ്രൊഫസർ | 39 | പീഡിയാട്രിക് ഓങ്കോളജി | 4 |
| | | മെഡിക്കൽ ഓങ്കോളജി | 9 |
| | | റേഡിയോതെറാപ്പി | 8 |
| | | സർജിക്കൽ ഓങ്കോളജി | 4 |
| | | പാത്തോളജി | 4 |
| | | അനസ്തേഷ്യോളജി | 2 |
| | | റേഡിയോഡയഗ്നോസിസ് | 6 |
| | | കാൻസർ റിസർച്ച് | 1 |
| | | എപ്പിഡമിയോളജി | 1 |
| പ്രൊഫസർ | 8<br>(2 അപ്ഗ്രഡേഷൻ) | റേഡിയോതെറാപ്പി | 2 |
| | | എപ്പിഡമിയോളജി | 1 |
| | | റേഡിയേഷൻ ഫിസിക്സ് | 1 |
| | | റേഡിയോഡയഗ്നോസിസ് | 1 |
| | | മെഡിക്കൽ ഓങ്കോളജി | 1 |
| | | പീഡിയാട്രിക് ഓങ്കോളജി | 1 |
| | | പാത്തോളജി | 1 |

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

**2022 മുതലുള്ള നിയമനത്തിന്റെ വിശദാംശങ്ങൾ**

| തസ്തിക | ഒഴിവുകളുടെ എണ്ണം | വിഭാഗം | നിയമനം | |
|---|---|---|---|---|
| അസിസ്റ്റന്റ് പ്രൊഫസർ | 3 | റേഡിയേഷൻ ഓങ്കോളജി | ജനറൽ | 1 |
| | | | ഈഴവ | 1 |
| | | | ജനറൽ | 1 |
| അസിസ്റ്റന്റ് പ്രൊഫസർ | 1 | റേഡിയോഡയഗ്നോസിസ് | ജനറൽ | 1 |
| അസിസ്റ്റന്റ് പ്രൊഫസർ | 3 | മെഡിക്കൽ ഓങ്കോളജി | ജനറൽ | 1 |
| | | | ഈഴവ (ഈഴവ വിഭാഗത്തിൽ അപേക്ഷകരില്ലാത്തിനാൽ പ്രസ്തുത കാറ്റഗറിയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതാണ്) | - |
| | | | ജനറൽ | 1 |
| അസിസ്റ്റന്റ് പ്രൊഫസർ | 1 | ട്രാൻസ്ഫ്യൂഷൻ മെഡിസിൻ | ജനറൽ | 1 |

സെക്ഷൻ ഓഫീസർ

അനുബന്ധം 3

**2012 മുതൽ നാളിതുവരെ വിവിധ വകുപ്പുകളിലായി താൽക്കാലിക നിയമനം നൽകിയിട്ടുള്ള 91 സീനിയർ റസിഡന്റുമാരുടെ വിശദാംശം**

| തസ്തിക | എണ്ണം | വിഭാഗം | |
|---|---|---|---|
| സീനിയർ റസിഡന്റ് | 91 | റേഡിയോതെറാപ്പി | 19 |
| | | സർജിക്കൽ ഓൺകോളജി | 11 |
| | | പീഡിയാട്രിക് ഓൺകോളജി | 4 |
| | | മൈക്രോ ബയോളജി | 1 |
| | | മെഡിക്കൽ ഓൺകോളജി | 10 |
| | | പാത്തോളജി | 18 |
| | | അനസ്തേഷ്യോളജി | 15 |
| | | റേഡിയോഡയഗ്നോസിസ് | 9 |
| | | ന്യൂക്ലിയർ മെഡിസിൻ | 2 |
| | | പാലിയേറ്റീവ് മെഡിസിൻ | 1 |
| | | ട്രാൻസ്ഫ്യൂഷൻ മെഡിസിൻ | 1 |

സെക്ഷൻ ഓഫീസർ